കാർഷിക കടംവായ്പ.

* 1410. [39] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-60-ൽ കാർഷികകടംവായ്പ ഇനത്തിൽ എത്ര രൂപ്പിക നീക്കിവച്ചു എന്നും എത്ര ചെലവായി എന്നും വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിൽ ഈ ഇനത്തിൽ എത്ര ചെലവായി; അതിന്റെ താലൂക്കുതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ;

(സി) ഈ തുക വിതരണം ചെയ്യുന്നതിൽ അംഗീകരിച്ചിട്ടുള്ള തത്വമെന്ത്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) എത്ര വിതരണംചെയ്തു എന്നറിഞ്ഞുകൂടാ.

(ബി) വിത്തും വളവും വാങ്ങുന്നതിനായി വായ്പയായി രണ്ടുലക്ഷം രൂപയും ആഗ്രിക്കൾച്ചറൽ ലോണായി 25,000 രൂപായും വിതരണം ചെയ്യുന്നതിനു് എറണാകുളം കളക്ടറെ ഏല്പിച്ചിട്ടുണ്ടു്.

(സി) വായ്പ കൊടുക്കുന്നതിനുള്ള ചട്ടങ്ങളനുസരിച്ചു് അപേക്ഷകൾക്കു് കൊടുക്കുന്നുണ്ടു്.

കശുവണ്ടി ഇറക്കുമതി.

* 1411. [41] ശ്രീ. ആർ. ജനാർദ്ദനൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ശരാശരി കൊല്ലംതോറും എത്ര ടൺ കശുവണ്ടി ഈ സംസ്ഥാനത്തു് ഇറക്കുമതി ചെയ്തുകൊണ്ടിരുന്നു.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കഴിഞ്ഞ മൂന്നുകൊല്ലം ശരാശരി കൊല്ലംതോറും എത്രടൺ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ടു്;

(സി) ശരാശരി എത്ര തുക വിലവരുന്നുണ്ടു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) 54410 ടൺ.

(ബി) 88884 ടൺ.

(സി) ഒരു കൊല്ലത്തെ ഇറക്കുമതിയുടെ വില ആറുകോടിയിലധികം വരുന്നുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ : കശുവണ്ടി ഇറക്കുമതി ചെയ്യാൻ ഒരു കാർപ്പറേഷൻ സംഘടിപ്പിക്കുന്ന കാര്യം ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ : ഉണ്ടു്. ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ : ഇപ്പോൾ എന്തായി അതിന്റെ ആലോചന?

ശ്രീ. കെ. പി. ഗോപാലൻ : അതേപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു് സമർപ്പിക്കാൻ ഒരു സ്പെഷ്യലാഫീസറെ നിയമിച്ചു് അദ്ദേഹത്തിന്റെറിപ്പോർട്ടു് ഗവണ്മെന്റിന്റെ മുമ്പിൽ വന്നിട്ടുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ റിപ്പോർട്ടു കിട്ടിയിട്ടു് എത്ര കാലമായി?

ശ്രീ. കെ. പി. ഗോപാലൻ : റിപ്പോർട്ടു വന്നിട്ടു് ഏകദേശം ഒരു മാസക്കാലമായി.

LIBRARY ARCHIVES Kerala Legislative Assembly